# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

ജൂലൈ 26 ചൊവ്വ 2022

Volume: 2, Issue: 12

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


# 2022-23 വാർഷിക പദ്ധതി തയ്യാറായി

ലിഡിയ ജേക്കബ്

- » കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹാരങ്ങൾ
- » രോഗ നിർണ്ണയവും പ്രതിരോധ സംവിധാനങ്ങളും
- » സാമൂഹിക സുരക്ഷയും വനിതാ ക്ഷേമവും
- » പട്ടികജാതി-പട്ടികവർഗ വികസനം

അയ്യൻകുന്ന് പഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി തയ്യാറായി. 2022 മുതൽ 2027 വരെയുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി പ്രധാനമായും കാർഷിക മേഖലയ്ക്കും മൃഗസംരക്ഷണ മേഖലയ്ക്കും ഊന്നൽ നൽകി കൊണ്ടുള്ള പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. കൂടാതെ ആരോഗ്യം, സാമൂഹിക സുരക്ഷ, വനിതാ ക്ഷേമം, പട്ടികജാതി-പട്ടികവർഗം എന്നീ മേഖലകളിലേക്കുള്ള പദ്ധതികളും തയ്യാറാക്കിയിട്ടുണ്ട്.

ആധുനിക കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യുക, തൊഴിൽ സേന രൂപീകരിക്കുക, ജലസംഭരണികളും തോടുകളും വൃത്തിയാക്കി സംരക്ഷിക്കുക, പമ്പ് സെറ്റുകൾ വിതരണം ചെയ്യുക, കാർഷിക ചന്ത തുടങ്ങുവാനുള്ള സൗകര്യവും സഹായവും നൽകുക, നെൽവയൽ നികത്തുന്നതും മറ്റു ദീർഘകാല വിളകൾ കൃഷി ചെയ്യുന്നതും കർശനമായി നിരോധിക്കുക എന്നിവയൊക്കെയാണ് കാർഷിക അനുബന്ധ മേഖലയിലെ പദ്ധതികൾ.

മൃഗസംരക്ഷണ മേഖലയിൽ ശാസ്ത്രീയ അറവുശാലകളുടെ നിർമ്മാണം, ആട്, പോത്തുകുട്ടി, കാളകുട്ടി വളർത്തലിന് ധനസഹായം, ഇറച്ചിക്കോഴി, മുട്ടക്കോഴി വിതരണം, മാലിന്യനിർമാർജനത്തിനുള്ള സൗകര്യം എന്നിവയൊക്കെയാണ് നിർദ്ദേശിച്ചിരിക്കുന്നത്.

ആരോഗ്യമേഖലയിലെ വികസനത്തിന്റെ ഭാഗമായി മെഡിക്കൽ ക്യാമ്പ്, സ്ക്രീനിംഗ് ക്യാമ്പ് തുടങ്ങിയവ സംഘടിപ്പിക്കുക, പാലിയേറ്റീവ് കെയർ പ്രോജക്റ്റുകൾ നടത്തുക, ബോധവൽക്കരണവും പ്രതിരോധ പ്രവർത്തനങ്ങളും ചെയ്യുക, വികലാംഗർക്ക് ആവശ്യമായ ഉപകരണങ്ങൾ, ജോലിസൗകര്യങ്ങൾ, പെൻഷനുകൾ എന്നിവ നൽകുക എന്നിവയൊക്കെയാണ് പദ്ധതികൾ.

പട്ടികജാതി- പട്ടികവർഗ്ഗ വികസനത്തിനായി ബോധവൽക്കരണ പരിപാടികൾ നടത്തുക, തൊഴിൽ പരിശീലനം നൽകുക, കാർഷിക മേഖല അഭിവൃത്തിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക, ഭൂമിയില്ലാത്തവർക്ക് ഒരേക്കർ ഭൂമി വീതം നൽകുക, ചെറുകിട വ്യവസായങ്ങളും കൈത്തൊഴിലുകളും പരിപോഷിപ്പിക്കുക, കുടിവെള്ളക്ഷാമം പരിഹരിക്കുക തുടങ്ങിയവയൊക്കെയാണ് നടപ്പിലാക്കേണ്ടവയിലുള്ളത്.

പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി വിപണന കേന്ദ്രം ആരംഭിക്കുക, വൈവിധ്യവൽക്കരണത്തിലൂടെ ഉൽപ്പന്നങ്ങൾ ജനപ്രിയമാക്കുക, പരമ്പരാഗത തൊഴിൽ വിദഗ്ധ പരിശീലനം നൽകുക, ഉല്പന്നങ്ങളുടെ വിപണനം കാര്യക്ഷമമാക്കി തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുക തുടങ്ങിയവയും ദാരിദ്ര്യ ലഘൂകരണത്തിന്റെ ഭാഗമായി ഭവന പദ്ധതികൾ ആരംഭിക്കുക, ഭവന പുനരുദ്ധാരണ പദ്ധതിക്ക് ഫണ്ട് വകയിരുത്തുക, വാട്ടർ അതോറിറ്റിയുടെ പൈപ്പ് കണക്ഷൻ നൽകുക, കിണർ നിർമ്മാണം, റീചാർജിങ്, ആഴം കൂട്ടുക എന്നിവ ചെയ്യുക, പുതിയ തലമുറയ്ക്ക് വിദഗ്ധ പരിശീലനം നൽകുക, അസംസ്കൃതവസ്തുക്കൾ ലഭ്യമാക്കുക എന്നിവയുമാണ് പദ്ധതിയിലുള്ളത്.

ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കുന്നതിന്റെ ഭാഗമായി കുഴൽ കിണർ, പൊതുകിണർ എന്നിവ നിർമ്മിക്കുക, ആഴംകൂട്ടുക, പൈപ്പ് ലൈൻ സ്ഥാപിക്കുക, ജലാശയങ്ങൾ ശുചീകരിക്കുക, പുതിയ വീടുകൾ, ചായക്കടകൾ, ഹോട്ടലുകൾ എന്നിവയ്ക്ക് മഴവെള്ള സംഭരണികൾ നിർബന്ധമാക്കുക, ജൈവ മാലിന്യ നിർമ്മാർജനത്തിന് സംവിധാനമൊരുക്കുക,പൊതു ടോയ്‌ലറ്റുകൾ സ്ഥാപിക്കുക, ഏകവിള തോട്ടങ്ങളിൽ മറ്റു മരങ്ങളും സസ്യങ്ങളും വളർത്തുക, മിശ്ര വിളകൾ പ്രോത്സാഹിപ്പിക്കുക, നെൽകൃഷി ആരംഭിക്കുക തുടങ്ങിയവയൊക്കെയാണ് പദ്ധതിയിലുള്ളത്.

'പഞ്ചായത്തിനെ സമ്പൂർണ്ണ ശുചിത്വ പഞ്ചായത്താക്കുക എന്ന ലക്ഷ്യത്തോടെ ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമാക്കുവാനും ഭരണസമിതി നടപടികൾ സ്വീകരിച്ചു. ജൽ ജീവൻ മിഷന്റെ ഭാഗമായി എല്ലാ വീടുകളിലേക്കും കുടിവെള്ളമെത്തിക്കുന്നതിനുള്ള വിവിധ പദ്ധതികൾ തുടരുകയും പുതിയവ കൂട്ടിചേർക്കുകയും ചെയ്യും'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ പറഞ്ഞു.

# കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകൾക്ക് തുടക്കമായി

ഹർഷ കെ വി

യുവതികളുടെ സാമൂഹിക സാംസ്കാരിക ഉന്നമനത്തിന് ഒരു പുതു ഇടം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആരംഭിച്ച കുടുബശ്രീ ഓക്സിലറി ഗ്രൂപ്പുകൾക്ക് അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ തുടക്കം കുറിച്ചു. സ്ത്രീ ശാക്തീകരണത്തിനും യുവതികളിലൂടെ കുടുംബത്തിന്റെ സാമ്പത്തിക വികസനത്തിനും ആരംഭിക്കുന്ന കുടുബശ്രീ ഓക്സിലറി ഗ്രൂപ്പുകൾ സ്ത്രീധനം, ഗാർഹിക പീഡനം തുടങ്ങി സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമുള്ള ഒരു പൊതു വേദിയാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഒരു വാർഡിൽ കുടുംബശ്രീ അംഗമല്ലാത്ത പതിനെട്ടിനും നാൽപതിനും ഇടയി ൽ വയസ്സുള്ള പരമാവധി അൻപത് പേരുൾപ്പെടുന്ന കൂട്ടായ്മയായാണ് ഓക്സിലറി ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നത്. അഞ്ചംഗ ഭാരവാഹികളുള്ള ഗ്രൂപ്പിന് ബാങ്കിൽ ടീം ലീഡറിന്റെയും ഫിനാൻസ് അംഗത്തിന്റെയും പേരിൽ ജോയിന്റ് അക്കൗണ്ട് ഉണ്ടാകും. മാസത്തിൽ കുറഞ്ഞത് രണ്ട് യോഗമെങ്കിലും ചേർന്നു പ്രവർത്തനങ്ങൾ നടത്തുകയും കൃത്യമായി രേഖകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുകയും വേണം. ഭാരവാഹികളുടെ കാലാവധി ഒരു വർഷം ആയിരിക്കും.

ഓക്സിലറി ഗ്രൂപ്പുകൾ വഴി സ്ത്രീകളുടെ സാമൂഹ്യ പ്രശ്നങ്ങളി ൽ ഇടപെടുന്നതിനുള്ള 'ജാഗ്രതാ സമിതി', മദ്യ ഉപയോഗത്തിനെതിരെയുള്ള




പരിശീലനം നേടുന്ന ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ

'വിമുക്തി', സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന 'സമം' തുടങ്ങിയ വിവിധ പദ്ധതികളുമായി സഹകരിച്ച് പ്രവർത്തിക്കുവാനും യുവജന ക്ഷേമം ലക്ഷ്യം വയ്ക്കുന്ന യുവജന കമ്മീഷൻ, യുവജനക്ഷേമ ബോർഡ് തുടങ്ങിയ ഏജൻസികളുടെ പ്രവർത്തനങ്ങളെ പരിചയപ്പെടുവാനും അംഗങ്ങൾക്ക് സാധിക്കും. ഇത് നിലവിലെ സാമൂഹ്യ സാഹചര്യങ്ങൾക്ക് അനുസൃതമായി നാടിന്റെ വികസന പ്രവർത്തനങ്ങളിലും പൊതു വിഷയങ്ങളിലും ഇടപെടാനും ചർച്ച ചെയ്യാനും പ്രതികരിക്കാനുമുള്ള ആത്മവിശ്വാസം സ്ത്രീകളിൽ വളർത്തും.

'സാങ്കേതിക വിദ്യയിലും ഡിജിറ്റൽ മേഖലയിലും നൈപുണ്യ പരിശീലനം നൽകുന്നതോടൊപ്പം കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, സഹകരണവകുപ്പ് മുതലായവ നടപ്പിലാക്കുന്ന വിവിധ ഉപജീവന പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് സ്ത്രീകളുടെ ഇടയിൽ സംരഭകത്വം പ്രോത്സാഹിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു'. ഓക്സിലറി ഗ്രൂപ്പ് ജില്ല ടീം റിസോഴ്സ് പേഴ്സൺ പി പി രാഗി പറഞ്ഞു.

'കുടുംബശ്രീ, ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യത്തിനൊപ്പം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുടെയും പരിപാടികളുടെയും നിർവഹണ ഏജൻസി കൂടിയാണ്. കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഗുണഫലം യുവതികളിലേക്ക് എത്തിക്കുകയെന്ന ലക്ഷ്യവും ഓക്സിലറി ഗ്രൂപ്പ് രൂപീകരണത്തിന് പിന്നിലുണ്ട്. അയൽ കൂട്ടത്തിലില്ലാത്ത അഭ്യസ്ഥ വിദ്യരായ സ്ത്രീകൾക്ക് വേണ്ടിയുള്ള പദ്ധതിയാണിത്. നിലവിൽ പതിനാറ് വാർഡുകളിലും ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. അവർക്ക് വേണ്ടിയുള്ള വിവിധ ക്ലാസുകൾ നൽകുന്നുണ്ട്. ഭാവി പ്രവർത്തനങ്ങളെ കുറിച്ചുള്ള തീരുമാനങ്ങൾ വരുന്ന യോ ഗങ്ങളിൽ തീരുമാനിക്കും'. സിഡി എസ് അക്കൗണ്ടന്റ് സജിന ജിദേഷ് പറഞ്ഞു.

# എന്റെ തൊഴിൽ എന്റെ അഭിമാനം രണ്ടാം ഘട്ടം ആരംഭിക്കുന്നു

ഐസയ ന്യൂമെ

തൊഴിൽ രഹിതർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിച്ചു. കേരള നോളജ് ഇക്കണോമി മിഷന് കീഴിൽ സംസ്ഥാന സർക്കാർ തുടങ്ങിയ ഈ ക്യാമ്പെയിൻ വഴി 2022 ജൂലായ് 31-ന് മുമ്പായി തൊഴിൽ അന്വേഷകരുടെ വിവരശേഖരണം പൂർത്തിയാക്കാനും 2026 - ഓടെ 20 ലക്ഷം പേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാനും സാധിക്കും.

ക്യാമ്പെയിനിന്റെ ആദ്യ ഘട്ടത്തിൽ കേരളത്തിലെ മുഴുവൻ വീടുകളും നേരിട്ട് സന്ദർശിച്ച് മിഷന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും ബോധ്യപ്പെടുത്തുകയും 18 നും 59 വയസ്സിനും ഇടയിൽ പ്രായമുള്ള തൊഴിലന്വേഷകരുടെ വിവരങ്ങൾ തൊഴിൽ രഹിത സർവ്വേയിലൂടെ ശേഖരിക്കുകയും ചെയ്തിരുന്നു. രണ്ടാം ഘട്ടത്തിൽ ജോലി അന്വേഷിക്കുന്ന 22 നും 40 നും ഇടയിൽ പ്രായമുള്ള ഡിപ്ലോമ, ഐ.ടി.ഐ, ബിരുദ, ബിരുദാനന്തര ധാരികളുടെ സ്മാർട്ട്ഫോണുകളിൽ 'ഡി ഡബ്ല്യു എം എസ്' (ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം) ആപ്പ് ഡൗൺലോഡ് ചെയ്ത് ഇമെയിലും ഫോൺ നമ്പറും ഉപയോഗിച്ച് അവരുടെ പേര് രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.

'ഈ പ്രോജക്റ്റിൽ അംഗങ്ങളാകാൻ, തൊഴിലന്വേഷകർ ഡി ഡബ്ല്യു എം എസിൽ നൽകിയിരിക്കുന്ന വിവരങ്ങളുടെ 90% വരെ ഇംഗ്ലീഷിൽ പൂരിപ്പിക്കണം. കൂടാതെ, ഇരിട്ടി ബ്ലോക്കിൽ അയ്യൻകുന്ന് പഞ്ചായത്തിനു കീഴിലെ 16 വാർഡുകളിൽ നിന്നുള്ള പരിശീലനം ലഭിച്ച 16 പ്രതിനിധികൾ അതാത് ഏരിയയിലെ തൊഴിലന്വേഷകന്റെ വീട് സന്ദർശിക്കുമ്പോൾ പ്രോജക്ട് അനുശാസിക്കുന്ന പ്രായപരിധിയിൽ ഉൾപ്പെടാത്ത മറ്റൊരു തൊഴിൽ അന്വേഷകൻ രജിസ്റ്റർ ചെയ്യാൻ താല്പര്യപ്പെടുകയാണെങ്കിൽ അവരുടെ വിവരങ്ങളും പ്രതിനിധികൾ രജിസ്റ്റർ ചെയ്യും' അയ്യൻകുന്ന് പഞ്ചായത്ത് സിഡി എസ് റിസോഴ്സ് പേഴ്സൺ കെ എ റിഞ്ചു പറഞ്ഞു.

'തൊഴിൽ അന്വേഷിക്കുന്നവർ ഡിജിറ്റൽ പ്രൊഫൈലിങ്ങിനുള്ള യോഗ്യത തെളിയിക്കുന്ന അടിസ്ഥാന വിവരങ്ങളും രേഖകളും കൊണ്ടുവരികയും ഡിജിറ്റൽ പ്രൊഫൈലിൽ പിശകുകളൊന്നും ഇല്ലെന്ന് ഉറപ്പാക്കുകയും വേണം. രജിസ്റ്റർ ചെയ്ത ശേഷം ഉദ്യോഗാർത്ഥികൾ അഭിമുഖം ഉൾപ്പെടെയുള്ള തിരഞ്ഞെടുപ്പ് പ്രക്രിയകൾക്ക് വിധേയരാകണം'. സിഡി എസ് റിസോഴ്സ് പേഴ്സൺ പറഞ്ഞു.


വാർത്തകൾക്കും പരസ്യങ്ങൾക്കും വിളിക്കൂ... 9496698531

## എഡിറ്റോറിയൽ

# സുസ്ഥിരത; കൂട്ടുത്തരവാദിത്വം

ആധുനിക കേരള ചരിത്രം ദുരിതങ്ങൾ അതിജീവിച്ച ജനതയുടേതാണ്. ഈ കാലഘട്ടത്തെ പകർച്ചവ്യാധികളിലൂടെയും പ്രകൃതിപ്രക്ഷോഭങ്ങളിലൂടെയും വർണ്ണിക്കാനാണേറെ എളുപ്പം. ജനങ്ങളുടെ ആരോഗ്യത്തിനാണ് പകുതിയിലേറെ അത്യാഹിതങ്ങളും വെല്ലുവിളിയായത്. തുടർന്നുകൊണ്ടിരിക്കുന്ന രോഗങ്ങളെയും രോഗസാഹചര്യങ്ങളെയും മറികടക്കാനുള്ള ശ്രമത്തിലാണ് ഇപ്പോഴും കേരളീയർ. കൊറോണയെന്ന മഹാമാരിയെ അകറ്റാൻ പ്രതിരോധശേഷി വർദ്ധിപ്പിച്ചെടുത്ത ആഗോളമനുഷ്യരുടെ ഇച്ഛാശക്തി ഏറെ പ്രശംസനീയമാണ്. അതിനേക്കാളുപരി ഈ പ്രതിരോധശക്തി നിപ്പ വൈറസിന് മുന്നിൽ നമ്മുടെ കൊച്ചു കേരളം ഒരു മുഴം മുന്നേ പയറ്റിയതിന് ലോകം സാക്ഷ്യം വഹിച്ചിട്ടുമുണ്ട്. സംഹാരതാണ്ഡവമാടിയ പ്രകൃതിക്ക് മുന്നിലും കേരളജനത തോറ്റുകൊടുത്തില്ല.

മഴക്കാലരോഗങ്ങൾ ശക്തിപ്രാപിക്കുന്ന ഈ സാഹചര്യത്തിൽ മറ്റുവ്യാധികളോടൊപ്പം വാനരവസൂരിയും ജനങ്ങളെ വളരെയേറെ ബുദ്ധിമുട്ടിലാക്കുന്നു. ചിട്ടയായ മുൻകരുതലുകളും ആരോഗ്യരീതികളും പിന്തുടരുന്നതിലൂടെ മാത്രമേ ഇത്തരം രോഗസാഹചര്യങ്ങളെ തടയാനാവുകയുള്ളൂ. രോഗങ്ങളെ കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് 'ആരോഗ്യ ശ്രീ' കൈപുസ്തകം ഉപകാരപ്രദമാണ്. എന്നാൽ, പുസ്തകത്തിൽ അനുശാസിക്കുന്ന രീതികൾ ജനങ്ങൾ അവലംബിക്കുന്നതിലൂടെയാണ് പ്രതിരോധപ്രവർത്തനങ്ങൾ പൂർണമാവുന്നത്.

ഏതൊരു നാടും വികസിതവും സുസ്തിരവുമാകുന്നത് ജനങ്ങളുടെ കൂടി പങ്കാളിത്തത്തോടെയാണ്. നാടിന്റെയും ജനങ്ങളുടെയും ഉന്നമനത്തിനായി സർക്കാർ പല പദ്ധതികളും ആവിഷ്കരിക്കുന്നുങ്കിലും പലപ്പോഴും അത് പൂർണതയിലേക്ക് എത്താറില്ല. ജനങ്ങളുടെ കാര്യഗൗരവത്തോടെയുള്ള ഇടപെടലും സഹകരണവും കൊണ്ടുമാത്രമേ ഇത്തരം മുന്നേറ്റങ്ങൾ ഫലപ്രാപ്തിയിലെത്തുകയുള്ളൂ. ഉദ്ഘാടനത്തോടെ അവസാനിക്കുന്ന പല പദ്ധതികളും ശക്തമായ ജനപങ്കാളിത്തത്തിലൂടെ ലക്ഷ്യത്തിലെത്താറുണ്ട്.

കേന്ദ്രസർക്കാരിന്റെ ജല ജീവൻ മിഷൻ, കേരള സർക്കാരിന്റെ വാർഷിക വികസന പദ്ധതി, മറ്റു കുടുംബശ്രീ പ്രവർത്തനങ്ങളും നാടിന്റെ വികസനത്തിനുള്ളവയാണ്. എന്നാൽ ഇത് പൂർണത പ്രാപിക്കുന്നത് ജനങ്ങളുടെയും അധികാരികളുടെയും കൂട്ടായ ഉത്തരവാദിത്വ നിർവഹണത്തിലൂടെയാണ്. ഇത്തരം പ്രവർത്തനങ്ങൾ കൃത്യമായി പ്രാബല്യത്തിൽ വരുത്തേണ്ടത് അധികാരികളുടെ ചുമതലയും, അവ പാതിവഴിയിൽ അവസാനിക്കാതെ പൂർണതയിലേക്ക് എത്തുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും പൂർണതയിലെത്താൻ സഹായിക്കേണ്ടതും ജനങ്ങളുടെ കടമയാണ്.

എഡിറ്റർ

# ഉരുപ്പുംകുറ്റിയിൽ മാവോയിസ്റ്റ് സാന്നിധ്യം

**ജിഷ്ണ ബാലകൃഷ്ണൻ എം**

അയ്യൻകുന്ന്: ഉരുപ്പുംകുറ്റിയിൽ വീണ്ടും മാവോയിസ്റ്റ് സാന്നിധ്യം. അയ്യൻകുന്ന് പഞ്ചായത്തിൽ ഉൾപ്പെടുന്ന ഉരുപ്പുംകുറ്റിയിലെ വനാതിർത്തിലെ വിട്ടിലാണ് രാത്രി ഏഴരയോടെ ആയുധധാരികളായ മൂന്നംഗ സംഘം എത്തിയത്.

'സംഘത്തിൽ ഉണ്ടായിരുന്ന മൂന്നുപേരിൽ രണ്ടുപേർ പുരഷൻമാരും ഒരാൾ സ്ത്രീയുമായിരുന്നു അവർ മലയാളമാണ് സംസാരിച്ചത്, കമ്പിളി പുതച്ച് തോക്കുമായി എത്തിയവർ വളരെസൗമ്യതയോടെയാണ് സംസാരിച്ചത്. മുൻപ് ഏഴാം കടവിൽ വന്നത് ഇവരായിരുന്നു. അരിയും മറ്റു ഭക്ഷ്യ വസ്തുക്കളും വാങ്ങി മടങ്ങി പോവുകയും ചെയ്തു'. ഉരുപ്പുംകുറ്റി പള്ളികോർഡിനേറ്റർ സജി വർഗീസ് പറഞ്ഞു.

# കർക്കിടക ഫെസ്റ്റ് - 2022

**നിതിൻ സി ജോസഫ്**

അയ്യൻകുന്ന് പഞ്ചായത്തും കുടുംബശ്രീയും സംയുക്തമായി സംഘടിപ്പിക്കുന്ന 'കർക്കിടക ഫെസ്റ്റ് 2022' ഇരുപത്തിയാറാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് പഞ്ചായത്ത് ഹാളിൽ വച്ച് നടത്തപ്പെടുന്നു. ആയുർവേദം വഴിയുള്ള ആരോഗ്യ സംരക്ഷണത്തെ കുറിച്ച് അവബോധ സെമിനാറും കർക്കിട മരുന്നുകളുടെ വിൽപ്പനയും കർക്കിടകകഞ്ഞി വിതരണവും ഉായിരിക്കും. ഒരു വാർഡിൽ നിന്നും മൂന്നു പേർക്കാണ് പങ്കെടുക്കാവുന്നത്.

# രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കി

**റിയ റോയി**

അയ്യൻകുന്ന് പഞ്ചായത്തിൽ മഴക്കാലരോഗങ്ങൾക്കും വാനരവസൂരിക്കുമെതിരെ ശക്തമായ പ്രതിരോധപ്രവർത്തനങ്ങളും ബോധവൽക്കരണനടപടികളും ആരംഭിച്ചു. കനത്ത മഴ പെയ്യുന്ന സാഹചര്യത്തിൽ ഡെങ്കിപനി, എലിപനി, മഞ്ഞപിത്തം മുതലായ രോഗങ്ങൾക്ക് പുറമെ കേരളത്തിൽ വാനരവസൂരിയും റിപ്പോർട്ട് ചെയ്തതോടെയാണ് ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജിതമാക്കിയത്.




'വാനരവസൂരിക്കെതിരെ സർക്കാർ തലത്തിൽ മുൻകരുതലുകളെടുത്തിട്ടുണ്ട്. എയർപോർട്ട് തലത്തിൽ സ്ക്രീനിങ്ങും രോഗം റിപ്പോർട്ട് ചെയ്തവരുടെ കോൺടാക്ട് ലിസ്റ്റിലുള്ളവരെ ഐസൊലേറ്റ് ചെയ്യുകയുമാണ് പ്രാഥമിക നടപടികൾ. പനി വന്ന് രണ്ട് മൂന്ന് ദിവസത്തിനുള്ളിൽ രോഗലക്ഷണം കാണിക്കുന്നതിനാൽ തിരിച്ചറിയാനും എളുപ്പമാണ്. അതുകൊണ്ട് തന്നെ ക്വാറന്റൈൻ ആവശ്യമില്ല'. ഹെൽത്ത് ഇൻസ്പെക്ടർ വി വി രാജേഷ് പറഞ്ഞു.

മഴക്കാലരോഗങ്ങൾ പടരുന്ന സാഹചര്യത്തിൽ വാർഡ് മെമ്പർ, ആശാ വർക്കർമാർ, റിട്ടയേർഡ് അധ്യാപകർ, അങ്കൺവാടി എന്നിവരെ ഉൾപ്പെടുത്തി വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ മുഴുവൻ ആളുകൾക്കും ആരോഗ്യ വിദ്യാഭ്യാസം നൽകുക എന്ന ഉദ്ദേശത്തോടെ അങ്ങാടിക്കടവിൽ വാർഡ് സാനിറ്റേഷൻ കമ്മിറ്റികൾ 'ആരോഗ്യശ്രീ' എന്ന പേരിൽ ഒരു കൈപുസ്തകവും തയ്യാറാക്കിയുട്ടുണ്ട്.

'വിവിധ രോഗങ്ങൾ, ലക്ഷണങ്ങൾ, പ്രതിരോധപ്രവർത്തനങ്ങൾ,ഗർഭിണികൾക്കുള്ള നിർദ്ദേശങ്ങൾ, കുട്ടികൾക്കുള്ള പ്രതിരോധകുത്തിവയ്പ്പിനേക്കുറിച്ചുള്ള വിവരങ്ങൾ, ജില്ലയിലെ പ്രധാനപ്പെട്ട ആശുപത്രികളുടെ ഫോൺ നമ്പറുകൾ എന്നിവയൊക്കെയാണ് പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ മാസം 27-ാം തിയതി പുസ്തകത്തിന്റെ പഞ്ചായത്ത് തല പ്രകാശനം നടക്കും. കൂടാതെ ആശാവർക്കർമാരേയും വാർഡ് തല ആരോഗ്യപ്രവർത്തകരേയും കുടുംബശ്രീ അഗംങ്ങളേയും ഉൾപ്പെടുത്തി ഒരു ആരോഗ്യസെമിനാറും സംഘടിപ്പിക്കും'. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ സന്തോഷ് കുമാർ പറഞ്ഞു.

'പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി വീടുകൾതോറും ക്ലോറിനേറ്റ് ചെയ്യുകയും വിവിധ ക്ലാസുകളിലൂടെ ജനങ്ങൾക്ക് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ രോഗകാരണമാകുന്ന ഉറവിടങ്ങളുടെ നശീകരണം പ്രതിരോധഗുളികകളുടെ വിതരണം തുടങ്ങിയവ നടക്കുന്നുമുണ്ട്'. ആശാ വർക്കർ ലൂസി ജോസ് പറഞ്ഞു.

# ജൽ ജീവൻ മിഷൻ: പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു

**ആഷ്മി തോമസ്**

അയ്യൻകുന്ന് ഗ്രാമഞ്ചായത്തിലെ വീടുകളിൽ സമ്പൂർണ ശുദ്ധജലം ഉറപ്പാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഗ്രാമീണ മേഖലയിലെ മുഴുവൻ വീടുകളിലും 2024 ഓടെ ശുദ്ധജലം ടാപ്പിലൂടെ എത്തിക്കുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ.

ജനങ്ങളുടെ പൂർണമായ പങ്കാളിത്തം ഉറപ്പു വരുത്തി മുൻപോട്ട് പോകുന്ന പദ്ധതിയുടെ 45 ശതമാനം കേന്ദ്ര സർക്കാരും 25 ശതമാനം സംസ്ഥാന സർക്കാരും 15 ശതമാനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമാണ് വഹിക്കുക. ബാക്കി 10 ശതമാനം ഗുണഭോക്ത വിഹിതമായാണ് പദ്ധതി തീരുമാനിച്ചിട്ടുള്ളത്. ഠ

അയ്യൻകുന്ന് പഞ്ചായത്തിനു കീഴിൽ പദ്ധതിയുടെ നിർവഹണത്തിനു നേതൃത്വം നൽകുന്നത് പഞ്ചായത്തും വാട്ടർ അതോരിറ്റി-കൂത്തുപറമ്പ് ഡിവിഷനും സംയുക്തമായാണ്. പദ്ധതിയുമായി ബന്ധപ്പെട്ട ബോധവത്കരണ പ്രവർത്തനങ്ങൾ, സർവേകൾ പഞ്ചായത്തിന്റെ നേതൃത്വത്തിലും നിർമാണപ്രവർത്തനങ്ങൾ വാട്ടർ അതോരിറ്റിയുടെ കീഴിലുമാണ് നടത്തപ്പെടുന്നത്. വയനാട്, കൽപ്പറ്റ കേന്ദ്രീകരിച്ചുള്ള ജീവൻ ജ്യോതി എന്ന ഏജൻസിയാണ് പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നത്. ഈ പദ്ധതിയിലൂടെ ഏറ്റവും കുറഞ്ഞത് 55 ലിറ്റർ ശുദ്ധജലം ഓരോ വീടുകളിലേക്കും പ്രതിദിനം എത്തിക്കാൻ സാധിക്കും. ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താനായി പഞ്ചായത്തിനു കീഴിൽ വിവിധ ശ്രേണിയിലുള്ളവർക്കായി ബോധവത്കരണ ക്ലാസ്സുകൾ ജീവൻ ജ്യോതി ഏജൻസിയുടെ നേതൃത്വത്തിൽ നടത്തപ്പെടുത്തുന്നുണ്ട്.

'ഗ്രാമീണ മേഖലയിലെ വീടു കളിലേക്ക് ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതു വഴി അവരുടെ ആരോഗ്യവും ജീവിതനിലവാരവും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം കൂടി ഈ പദ്ധതിക്കുണ്ട്. ജനകീയ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലുള്ള എല്ലാ കുടിവെള്ള സ്രോതസ്സുകളുടെയും ജല ഗുണനിലവാര പരിശോധന കുടുബശ്രീയുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. ആദ്യ ദശയിൽ പഞ്ചായത്തംഗങ്ങൾ, തുടർന്നു പൊതുപ്രവർത്തകർ, ജനങ്ങൾ എന്നിവർക്ക് പദ്ധതിയെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസുകൾ നൽകിയിരുന്നു. കൂടാതെ സ്കൂളുകൾ, അങ്കണവാടി കേന്ദ്രീകരിച്ചുള്ള ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. വീടുകൾ കൂടാതെ ആശുപത്രി, സ്കൂളുകൾ, അങ്കണവാടി, വായനശാല, പഞ്ചായത്ത് ഓഫീസ് തുടങ്ങിയ

Har Ghar Jal
Jal Jeevan Mission

സ്ഥാപനങ്ങളിലേക്കും ശുദ്ധജലം ടാപ്പു വഴി എത്തിക്കാൻ ശ്രമിക്കുന്നതാണ്'. ജൽ ജീവൻ മിഷൻ പഞ്ചായത്ത് ഇൻ ചാർജ് അക്ഷര തോമസ് പറഞ്ഞു.

'മലപ്രദേശമായതുകൊണ്ട് പാറയ്ക്കാമല പ്രദേശങ്ങളിലേക്ക് ഈ പദ്ധതി വഴി ശുദ്ധജലം എത്തിക്കുക സാധ്യമല്ലാത്തതിനാൽ നിലവിൽ അവിടെയുള്ള കുടിവെള്ള സ്രോതസ്സാണ് ഇതിനായി ഉപയോഗിക്കുക. അയ്യൻകുന്ന് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇത് ഒരു വലിയ പ്രോജക്ട് ആണ്. ഇതിനാവശ്യമായ തുക വഹിക്കാനുള്ള ശേഷി പഞ്ചായത്തിനില്ല. ഈ കാര്യം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.






എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: ശാനിബ ടി | സബ് എഡിറ്റേഴ്സ്: നിതിൻ സി ജോസഫ്, ആഷ്മി തോമസ്, റിയ റോയി, ജിഷ്ണ ബാലകൃഷ്ണൻ എം, ലിഡിയ ജേക്കബ് | ഫോട്ടോഗ്രാഫേഴ്സ്: ഐസായ ന്യൂമെ, അനുഗ്രഹ ആൻ ജോർജ് | ഡിസൈൻ: ഹർഷ കെ വി